## പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4354 — 13/12/2018 ൽ മറുപടിക്ക്

### ശബരിമലയിൽ ഹൈക്കോടതി നിരീക്ഷണ സമിതി

**ചോദ്യം**

ശ്രീ.അനിൽ അക്കര
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എ.പി. അനിൽ കുമാർ
ശ്രീ.ഹൈബി ഈഡൻ

**മറുപടി**

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടനം സുഗമമാക്കാൻ ഹൈക്കോടതി നിരീക്ഷണ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) | തീർത്ഥാടകർക്ക് സർക്കാരും ദേവസ്വം ബോർഡും മറ്റു വകുപ്പുകളും ഏർപ്പെടുത്തിയ സൗകര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിരീക്ഷണസമിതിയെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | ശബരിമല വിഷയം കൈകാര്യം ചെയ്യുന്നതിൽ സർക്കാരും ബോർഡും പൂർണമായി പരാജയപ്പെട്ടു എന്നതിന് തെളിവായി ഹൈക്കോടതിയുടെ ഈ നടപടി വിലയിരുത്തുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത നിരീക്ഷണ സമിതിയുടെ അധികാരങ്ങൾ വിശദീകരിക്കാമോ; | (സി) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡും വിവിധ സർക്കാർ വകുപ്പുകളും കൈക്കൊണ്ടിട്ടുള്ള നടപടികൾ പരിശോധിക്കുന്നതിനും, ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതിനുമുള്ള അധികാരം നിരീക്ഷണ സമിതിയ്ക്ക് ഹൈക്കോടതി നൽകിയിട്ടുണ്ട്. |
| (ഡി) | ശബരിമലയിലെ അമിതമായ പോലീസ് നിയന്ത്രണം നീക്കണം എന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് പോലീസിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | മഹാകാണിക്ക, വാവരുനട എന്നിവിടങ്ങളിലെ ബാരിക്കേട് നീക്കം ചെയ്യണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലീസ് ഡിപ്പാർട്ട്മെന്റിനോട് അഭ്യർത്ഥിച്ചതനുസരിച്ച് ഇത് സംബന്ധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ